പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 522 10-06-2014 -ൽ മറുപടിക്ക്.

ചങ്ങനാശ്ശേരി റവന്യു ടവറിന്റെ നവീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവുംവകുപ്പ് മന്ത്രി) |
| (എ) ചങ്ങനാശ്ശേരി റവന്യു ടവറിന്റെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഏതൊക്കെ ജോലികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്; | (എ) ചങ്ങനാശ്ശേരി റവന്യു ടവറിന്റെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപറയുന്ന ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>i) ടവറിലെ മദ്ധ്യഭാഗത്തുള്ള ലിഫ്റ്റ് നവീകരിച്ച് പ്രവർത്തന ക്ഷമമാക്കി.<br>ii) ടോയ്ലറ്റുകളിലെ യൂറിനലുകളിൽ നിന്നും മലിനജലം പുറത്തേക്ക് കൊണ്ടുപോകുന്നതിന് പുതിയ വേസ്റ്റ്ലൈൻ സ്ഥാപിച്ചു.<br>iii) കേടായ കുടിവെള്ള ടാങ്കിന് പകരം 3000 ലിറ്ററിന്റെ പുതിയ ടാങ്ക് വാങ്ങി സ്ഥാപിച്ച്, കുടിവെള്ള ലഭ്യത ഉറപ്പാക്കി.<br>iv) പൊട്ടിപ്പോയ ഫയർ ഫൈറ്റിംങ്ങ് ടാങ്കിന് പകരം 5000 ലിറ്റർ വീതം കപ്പാസിറ്റിയുള്ള 2 ടാങ്കുകൾ സ്ഥാപിച്ച്, പൈപ്പ്ലൈൻ, വാൽവ് എന്നിവ അറ്റകുറ്റപണി നടത്തി പ്രവർത്തന സജ്ജമാക്കി.<br>v) കേടായ ട്യൂബ് ലൈറ്റുകൾ, ഫാൻ റെഗുലേറ്ററുകൾ എന്നിവയ്ക്ക് പകരം പുതിയവ വാങ്ങി പ്രവർത്തന സജ്ജമാക്കി.<br>vi) ടവറിന്റെ മുറ്റത്തുനിന്നും താഴത്തെ നിലയിലേക്ക് ശാരീരിക അവശതയുള്ളവർക്ക് കയറുന്നതിനായി റാമ്പ് സ്ഥാപിച്ചു.<br>vii) മഴവെള്ളം സംഭരിച്ചു വയ്ക്കുന്നതിലേക്ക് അവിടെ സ്ഥാപിച്ചിരിക്കുന്ന മഴവെള്ള സംഭരണിയുടെ അറ്റകുറ്റപണികൾ നടത്തി ആയത് പ്രവർത്തന സജ്ജമാക്കി. |

(ബി) ഇനിയും ഏതൊക്കെ ജോലികളാണ് പൂർത്തീകരിക്കാനുള്ളത്;

(സി) പൂർത്തികരിക്കാനുള്ള ജോലികൾ കാലതാമസം ഒഴിവാക്കി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(ബി) യും (സി) യും

ചുവരുകളിലെ പെയിന്റിംഗ് പൂർത്തിയായിട്ടില്ല. പെയിന്റ് അടിക്കുന്നതിനുവേണ്ടി റിവൈസ് ചെയ്ത എസ്റ്റിമേറ്റ് പ്രകാരമുള്ള 24,96,000/- രൂപയുടെ പണികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

പ്ലംബിങ് ഡക്റ്റിലേക്ക് ടോയിലെറ്റുകളിൽ നിന്നും പ്രവേശിക്കുവാനുള്ള ഓപ്പണിങ്ങുകളിലെ കേടായ എ.സി. പ്ലയിൻ ഷീറ്റ് അടപ്പുകൾ മാറ്റി പകരം പി.വി.സി അടപ്പുകൾ, എക്സ്ഹോസ്റ്റ് ഫാൻ സ്ഥാപിക്കുന്നതിനാവശ്യമായ മൾട്ടി വുഡ് അടപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പണികൾ നടന്നുവരുന്നത് അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ് .

ഫയർ ഫൈറ്റിംഗ് സംവിധാനം നവീകരിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന്, ഏജൻസിയുടെ നിരക്കുകൾക്കുള്ള അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ